പത്രക്കുറിപ്പ്
19-8-2017

## പട്ടികവർഗമേഖലയിൽ ആറു കോടി രൂപയുടെ സാമൂഹ്യ വികസന പ്രവർത്തനങ്ങളുമായി കുടുംബശ്രീ

തിരുവനന്തപുരം: കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ പട്ടികവർഗമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ആറു കോടി രൂപയുടെ സാമൂഹിക വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നു. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതി ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം വാർഷിക കർമപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് കണ്ണൂരിലെ ആറളം ഫാമിലെ 11 ബ്ളോക്കുകൾ മലപ്പുറത്ത് നിലമ്പൂർ താലൂക്ക് ഈ പ്രദേശങ്ങളിലെ പട്ടികവർഗ കുടുംബങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇപ്പോൾ പദ്ധതി നടപ്പാക്കുന്നത്.

ആദ്യഘട്ടത്തിൽ അട്ടപ്പാടി മാതൃകയിൽ അയൽക്കൂട്ട രൂപീകരണവും കാര്യശേഷി വികസന പരിശീലനങ്ങളും നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. ഇവർക്ക് മെച്ചപ്പെട്ട ഉപജീവനമാർഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കാർഷിക സൂക്ഷ്മസംരംഭ മേഖലയിലെ പ്രവർത്തനങ്ങൾ ശക്തമാക്കും. മൃഗസംരക്ഷണ മേഖലയിലും തൊഴിൽ നേടാനുള്ള പിന്തുണയും സാമ്പത്തികസഹായവും ലഭ്യമാക്കും. പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് ഭക്ഷണവിതരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നിർവഹിക്കും. വനവിഭവ ശേഖരണം പാരമ്പര്യ കൈത്തൊഴിൽ എന്നിവ പ്രോത്സാഹിപ്പിക്കുകയും വരുമാനം കണ്ടെത്താനുള്ള പിന്തുണ നൽകുകയും ചെയ്യും. ഈ മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമിട്ടു കൊണ്ട് വിവിധ വകുപ്പുകളുടെ ഏകോപനവും ഉറപ്പുവരുത്തിയിട്ടുണ്ട്.

സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പു വരുത്തുന്ന വിവിധ പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കാൻ കുടുംബശ്രീ ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതോടൊപ്പം തിരുനെല്ലി കാന്തല്ലൂർ എന്നിവിടങ്ങളിൽ മനുഷ്യക്കടത്തു തടയുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകും. ഇതിനായി പട്ടികവർഗ ആനിമേറ്റർമാരുടെയും കുടുംബശ്രീ കമ്യൂണിറ്റി കൗൺസിലർമാരുടെയും സേവനം ലഭ്യമാക്കിക്കൊണ്ട് പ്രവർത്തനങ്ങൾ ഊർജിതമാക്കാനാണ് ശ്രമം.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ